ശ്രീ. ആർ. ശങ്കർ : (ഡി ് ഈ) പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാനുള്ള അവകാശം ലോക്കൽ ബാഡ്ഡീസിനു നൽകുവാൻ ഉദ്ദേശമില്ല. എന്നാൽ ലോക്കൽ ബാഡ്ഡീസിൽ നിന്നും സ്കൂളുകൾ തുടങ്ങുവാൻ കിട്ടുന്ന അപേക്ഷകളും ആലോചിക്കുന്നതാണു്.

പട്ടികജാതിക്കാർക്കു് വീടുവയ്ക്കുന്നതിനു് പരിപാടി.

* 330. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കു് വീടുവയ്ക്കുന്നതിനു് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ എന്തെല്ലാം ;

(സി) ഈ വർഷം ഈ പരിപാടിയനുസരിച്ചു് എത്ര വീടുകൾ വയ്ച്ചു കൊടുത്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ഉണ്ടു്.

(ബി) ഭവനരഹിതരായ പട്ടികജാതിക്കാർക്കു് വീടു് പണിയുന്നതിനു് 1,000 രൂപവീതം ഗ്രാൻറു് നാലു് ഗഡുക്കളിലായി കൊടുക്കുന്നതാണു്. ആദ്യത്തെ ഗഡുവു് 200 രൂപയും രണ്ടാമത്തേതു് 500 രൂപയും മൂന്നാമത്തേതു് 200 രൂപയും നാലാമത്തേതു് 100 രൂപയും ആണു്. രണ്ടും മൂന്നും നാലും ഗഡുക്കളിൽ തുക കൊടുക്കുന്നതു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ സർട്ടിഫിക്കറ്റു് അനുസരിച്ചാണു്. ഗ്രാൻറിനു അർഹരായ ആളുകളെ തെരഞ്ഞെടുക്കുന്നതു് അതാതു ജില്ലാ ഉപദേശകസമിതികളാണു്. ഗ്രാൻറു തുക വാങ്ങുന്നതിനു മുമ്പു് അതിനു് അർഹരായ ആളുകൾ കരാറുകൾ എഴുതി കൊടുക്കേണ്ടതാണു്.

(സി) 400 വീടുകൾ പണിയുന്നതിനു് ഗ്രാൻറു് നൽകാൻ ഉത്തരവായിട്ടുണ്ടു്.

കള്ളഷാപ്പുകളുടെ എണ്ണക്കുറവു്.

* 331. [19] ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളഷാപ്പുകളുടെ എണ്ണക്കുറവു് ഒന്നുംതന്നെ വ്യക്തമല്ലെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത ഷാപ്പുലേലത്തിനുമുമ്പു് ഇതു ശരിപ്പെടുത്തുവാൻ വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) കള്ളഷാപ്പുകളുടെ എണ്ണക്കുറവു് വ്യക്തമല്ലെന്ന പൊതുവേ പരാതികളില്ല.

(ബി) എല്ലാകൊല്ലവും ലേലവിൽപ്പന നോട്ടീസു് പരസ്യപ്പെടുത്തുമ്പോൾ എണ്ണുകകളിൽ വല്ല മാറ്റവും വരുത്തേണ്ടതുണ്ടോയെന്നു് പരിശോധിച്ചു വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : കള്ള് ചെത്തുന്നതിനു എല്ലുകകും നിശ്ചയിച്ച ആ എല്ലുകയിൽപ്പെട്ട തെങ്ങുകളും മാത്രമേ കൺടാക്ടർക്കു ചെത്തുവാൻ പാടുള്ളു എന്നു വ്യവസ്ഥ വച്ചിട്ടുണ്ടെങ്കിലും പലപ്പോഴും ഈ വ്യവസ്ഥ ലംഘിക്കപ്പെടുന്നുണ്ടെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : പ്രത്യേകമായി പരാതി കിട്ടിയിട്ടില്ല. ഓരോ ഷാപ്പുകാർക്കും എല്ലുകകും നിശ്ചയിച്ചിട്ടുണ്ട്. ആ എല്ലുകയിൽ വേറെ ഷാപ്പുകാർ തെങ്ങു ചെത്തുന്നുണ്ടെങ്കിൽ അതു അനുവദനീയമല്ല. അങ്ങനെ ചെയ്യുന്നുണ്ടെന്നു വ്യക്തമായി ബോധ്യപ്പെടുകയാണെങ്കിൽ അതേപ്പറ്റി പരിശോധിക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : കള്ളഷാപ്പിന്റെ എല്ലുക നിശ്ചയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനതത്വം എന്താണു്. ഇത്ര കുടിയന്മാർക്കു ഒരു ഷാപ്പു എന്നുള്ള രീതിയിലാണോ സ്വീകരിച്ചിട്ടുള്ളതു് ?

ശ്രീ. കെ. ടി. അച്യുതൻ : മദ്യം സേവിക്കുന്നവർക്കു അതിനു സൗകര്യം ഉണ്ടാക്കികൊടുക്കുക എന്നതാണു് പൊതുവേ സ്വീകരിച്ചിട്ടുള്ള തത്വം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു എല്ലുകയിൽപെടുന്ന ആളു വേറൊരു എല്ലുകയിലുള്ള ഷാപ്പിൽചെന്നു കുടിക്കുവാൻ പാടില്ല എന്നു വല്ല നിയമവും ഉണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ പ്രത്യേക നിയമമൊന്നുമില്ല. സമീപത്തുള്ള ഷാപ്പിൽനിന്നുമായിരിക്കും സാധാരണ കുടിക്കാറുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : മദ്യനിരോധനം വച്ചിട്ടുള്ള പ്രദേശങ്ങളുടെ തൊട്ടു അടുത്തുള്ള കള്ളഷാപ്പിന്റെ എല്ലുക കുറച്ചുകൂടി നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ കുറച്ചുകൂടി നീട്ടികൊടുക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇല്ല. ദയവുണ്ടാകുകയില്ല.

ഓലപ്പുരകൾ മാറിപ്പണിയാനുള്ള സ്കീം.

* 332. [20] ശ്രീ. പി. സി. രാഘവൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഓലപ്പുരകൾ ഓടുമേഞ്ഞവയാക്കി മാറിപ്പണിയാൻ പലിശയില്ലാതെ കടംകൊടുക്കുന്ന ഒരു സ്കീം ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലേക്കു് എത്ര തുക നീക്കിവെയ്ക്കാൻ ആലോചനയുണ്ടു്;

(സി) ഇതിന്റെ വിശദാംശങ്ങൾ തയാറാക്കികഴിഞ്ഞുവെങ്കിൽ എന്തു്;

(ഡി) ഈ സ്കീം എപ്പോൾമുതൽ നടപ്പിലാവും?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഇല്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly